**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3313** **08-10-2025 - ൽ മറുപടിയ്ക്ക്**

**നെട്ടൂർ മാർക്കറ്റ് റോഡ് പാലം, പുളയതോട് പാലം എന്നിവയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മരട് നഗരസഭയിലെ നെട്ടൂർ മാർക്കറ്റ് റോഡ് പാലം പുനർനിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിക്ക് വേണ്ടി ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നെട്ടൂർ - മാർക്കറ്റ് റോഡ് പാലം പുനർനിർമ്മിക്കാൻ പദ്ധതി ഉണ്ട്. ഈ പദ്ധതിയ്ക്ക് വേണ്ടി 2120 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 23/02/2023 തീയതിയിലെ സ.ഉ.(സാധാ)നം.201/2023/PWD ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | പദ്ധതിയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിക്കായി എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് 24.70 Ares ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | എറണാകുളം ജില്ലയിലെ കുമ്പളം പഞ്ചായത്തിലെ ചേപ്പനം കരയും ചാത്തമ്മ കരയും തമ്മിൽ ബന്ധിപ്പിക്കുന്ന പുളയ തോട് പാലത്തിന് ബലക്ഷയം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ പാലം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (ഡി) | പൊതുമരാമത്ത് പാലങ്ങൾ വിഭാഗം കാര്യാലയത്തിന്റെ asset പ്രകാരം കുമ്പളം പഞ്ചായത്തിലെ ചേപ്പനംകരയും ചാത്തമ്മ കരയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം കുലയത്തൊട്ടിൽ പാലം എന്നാണ് അറിയപ്പെടുന്നത്. അവിടെ പുതിയ പാലം നിർമ്മിക്കാൻ പദ്ധതി ഉണ്ട്. പാലം പുനർനിർമ്മിക്കുന്നതിന് വേണ്ടി മണ്ണ് പരിശോധന നടത്തുകയും അത് പ്രകാരം പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിൽ നിന്നും ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 873 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ മാറ്റി വെച്ചിട്ടുണ്ട്. |
| (ഇ) | ബജറ്റിൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പദ്ധതി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ബജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ പ്രകാരം 8 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യതക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ